"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കുട്ടനാടൻ പാടശേഖരങ്ങളിലെ വെള്ളക്കെട്ട് പ്രളയം മൂലമുള്ള ദുരന്തമായി കണക്കാക്കി വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് ആവശ്യമായ ചിലവ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(കൈ) നം.1/2026/DMD തീയതി,തിരുവനന്തപുരം, 03-01-2026

---

പരാമർശം:-

1. ആലപ്പുഴ ജില്ലാ കളക്ടറുടെ 19.06.2025 ലെ DCALP/4831/2025-DMC3 നമ്പർ കത്ത്.
2. ദുരന്തനിവാരണ കമ്മീഷണറുടെ 15.09.2025 ലെ MTO VIII/1513 /2025/SDMA – KSDMA നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ കുട്ടനാടൻ പാടശേഖരങ്ങളിൽ നെൽകൃഷി ചെയ്തുവരുന്നത് പാടശേഖരങ്ങളിലെ വെള്ളം പമ്പ് ചെയ്ത് പുറത്തേയ്ക്ക് കളഞ്ഞുകൊണ്ടാണ്. പമ്പിംഗ് കോൺട്രാക്ടർക്ക് പമ്പിംഗ് ചെലവിനത്തിൽ സബ്സിഡിയായി ഏക്കറിന് 1900/- രൂപ നിരക്കിൽ നൽകി വരുന്നു. എന്നാൽ 2025 മെയ് മാസം ഉണ്ടായ കനത്ത മഴയെ തുടർന്ന് കൃഷി ഉപേക്ഷിക്കേണ്ട സാഹചര്യം വന്നു. ആയതിനാൽ പാടശേഖരത്തിനോട് ചേർന്നുള്ള വീടുകളിലും റോഡുകളിലും ഉള്ള പ്രളയജലം പമ്പ് ചെയ്ത് മാറ്റുന്നതിന് പമ്പിംഗ് സബ്സിഡി, കറണ്ട് ചാർജ്ജ് എന്നിവ അനുവദിക്കാൻ സാധിക്കുകയില്ല. മേൽ സാഹചര്യത്തിൽ വെള്ളം വറ്റിക്കുന്നതിന് ദുരന്ത നിവാരണ ഫണ്ടിൽ നിന്നും തുക അനുവദിക്കണമെന്നും, ചമ്പക്കുളം പഞ്ചായത്തിലെ 7 പാടശേഖരങ്ങളിൽ ആകെ 389.28 ഹെക്ടർ പ്രദേശം അടിയന്തിരമായി വെള്ളം വറ്റിക്കേണ്ടതിന് സബ്സിഡി നിരക്കിന് അനുപാതമായി ഏക്കറിന് ₹900 രൂപ നിരക്കിൽ (389.28X2.47X900) 8,65,370/- പമ്പിംഗിനായി ആവശ്യമാണെന്നും, കൂടാതെ വെള്ളം പമ്പ് ചെയ്ത് നീക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ നിലവിൽ ഇല്ലാത്തതിനാൽ പ്രസ്തുത പാടശേഖരങ്ങളിൽ നിന്നും ഫയർ ഫോഴ്സിന്റെ പമ്പുപയോഗിച്ച് വെള്ളം വറ്റിക്കേണ്ടി വരുമ്പോൾ ഡീസൽ ഇനത്തിലും മറ്റും ചിലവാകുന്ന ചിലവുകളും ജില്ലാ ദുരന്തനിവാരണ ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്നും, ജില്ലയിലെ വെള്ളപ്പൊക്ക ഭീഷണി ഒഴിവാക്കുന്നതിന് അടിയന്തിര സാഹചര്യത്തിൽ പമ്പിംഗ് നടത്തേണ്ടതായി വരുന്ന മറ്റ് പാടശേഖരങ്ങളിലെ പമ്പിംഗിനാവശ്യമായ ചെലവുകളും ദുരന്ത നിവാരണ ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന്

അനുമതി നൽകണണമെന്നും പരാമർശം (1) പ്രകാരം ആലപ്പുഴ ജില്ലാ കളക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുട്ടനാടൻ പാടശേഖരങ്ങളിലെ വെള്ളക്കെട്ട്, പ്രളയം മൂലമുണ്ടാകുന്ന ഒരു ദുരന്തമായി കണക്കാക്കി, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള പമ്പിങ് നടത്തുന്നതിന് ആവശ്യമായ പമ്പ് സെറ്റിന്റെ വാടക, ഇന്ധനം എന്നിവയുടെ യഥാർത്ഥ ചെലവ് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് അനുവദിച്ചു നൽകുന്നതിന് ആലപ്പുഴ ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്)(എ & ഇ), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണ വകുപ്പ്
ജില്ലാ കളക്ടർ, ആലപ്പുഴ
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.നം. )
റവന്യൂ (ഡി.ആർ.എഫ്) വകുപ്പ്
കൃഷിവകുപ്പ്
റവന്യൂ വകുപ്പ്
വെബ് &ന്യൂ മീഡിയ, ഐ&പി ആർ ഡി
ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,
Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 03-01-2026 16:39:43

പകർപ്പ് :-
ബഹു. മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ സ്റ്റാഫ് ഓഫീസർക്ക്
ദുരന്തനിവാരണ വകുപ്പ് സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 31-12-2025**

ഫയൽ നം. ഡിഎം.എ3/145/2025/ഡി.എം.ഡി.

ഇനം നം: 3498

വിഷയം : ദുരന്ത നിവാരണ വകുപ്പ് - കുട്ടനാടൻ പാടശേഖരങ്ങളിലെ വെള്ളക്കെട്ട്, പ്രളയം മൂലമുള്ള ദുരന്തമായി കണക്കാക്കുന്നതും വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് ആവശ്യമായ ചിലവ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, ദുരന്തനിവാരണ വകുപ്പ്.

3498

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | ഡിഎം.എ 3/145/2025–ഡി.എം.ഡി. |
| 2. | വകുപ്പ് | ദുരന്ത നിവാരണ (എ) വകുപ്പ് |
| 3. | വിഷയം | കുട്ടനാടൻ പാടശേഖരങ്ങളിലെ വെള്ളക്കെട്ട്, പ്രളയം മൂലമുള്ള ദുരന്തമായി കണക്കാക്കുന്നതും വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് ആവശ്യമായ ചിലവ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകുന്നതും സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 14/12/2025 |
| 5. | (i)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച അഡിഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. ബിന്ദു സി. വർഗ്ഗീസ് |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീ. എം. ജി. രാജമാണിക്കം |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 23/12/2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 29/12/2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 30/12/2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 30/12/2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കുട്ടനാടൻ പാടശേഖരങ്ങളിലെ വെള്ളക്കെട്ട് പ്രളയം മൂലമുള്ള ദുരന്തമായി കണക്കാക്കി വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള പമ്പ് സെറ്റിന്റെ വാടക, ഇന്ധനച്ചെലവ് എന്നിവ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2)ആലപ്പുഴ ജില്ലയിലെ കുട്ടനാടൻ പാടശേഖരങ്ങളിൽ നെൽകൃഷി ചെയ്തുവരുന്നത് പാടശേഖരങ്ങളിലെ വെള്ളം പമ്പ് ചെയ്ത് പുറത്തേയ്ക്ക് കളഞ്ഞുകൊണ്ടാണെന്നും, പുഞ്ച സ്പെഷ്യൽ ഓഫീസ് മുഖേന കരാർ പിടിക്കുന്ന പമ്പിംഗ് കോൺട്രാക്ടർക്ക് പമ്പിംഗ് ചെലവിനത്തിൽ സബ്സിഡിയായി ഏക്കറിന് 1900/- രൂപ നിരക്കിൽ നൽകി വരുന്നതായി ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും, എന്നാൽ 2025 മെയ് മാസം ഉണ്ടായ കനത്ത മഴയെ തുടർന്ന് കൃഷി ഉപേക്ഷിക്കേണ്ട സാഹചര്യം വന്നതായും, തന്മൂലം പാടശേഖരത്തിനോട് ചേർന്നുള്ള വീടുകളിലും റോഡുകളിലും വെള്ളം കെട്ടി കിടക്കുന്ന സാഹചര്യം ഉണ്ടായിട്ടുള്ളതായും, ഈ പ്രളയജലം പമ്പ് ചെയ്ത് മാറ്റുന്നതിന് നെൽകൃഷി ഉപേക്ഷിച്ച സാഹചര്യത്തിൽ കൃഷിഭവനിൽ നിന്നോ പുഞ്ച സ്പെഷ്യൽ ഓഫീസിൽ നിന്നോ പമ്പിംഗ് സബ്സിഡി, കറണ്ട് ചാർജ്ജ് എന്നിവ ലഭിക്കുകയില്ലെന്നും ആയതിനാൽ വെള്ളം വറ്റിക്കുന്നതിന് ദുരന്ത നിവാരണ ഫണ്ടിൽ നിന്നും തുക അനുവദിക്കണമെന്നും കൃഷിക്ക് പമ്പ് ചെയ്യുന്നതിന്റെ പകുതി വെള്ളം മാത്രം പമ്പ് ചെയ്താൽ വീടുകളിൽ നിന്നും വെള്ളം ഒഴിവാക്കാൻ സാധിക്കും എന്നതിനാൽ നിലവിലെ പുഞ്ച സബ്സിഡി നിരക്കായ ഏക്കറിന് 1900/- രൂപക്ക് ആനുപാതികമായ തുക അനുവദിച്ച് നൽകണമെന്നും പ്രിൻസിപ്പൽ കൃഷി ഓഫീസർ ആവശ്യപ്പെട്ടിട്ടുള്ളതായി ആലപ്പുഴ ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

3) ചമ്പക്കുളം പഞ്ചായത്തിലെ 7 പാടശേഖരങ്ങളിൽ ആകെ 389.28 ഹെക്ടർ പ്രദേശം അടിയന്തിരമായി വെള്ളം വറ്റിക്കേണ്ടതുണ്ടെന്നും, കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗതീരുമാന പ്രകാരം, സബ്സിഡി നിരക്കിന് അനുപാതമായി ഏക്കറിന് ₹900 രൂപ നിരക്കിൽ (389.28 X 2.47 X 900) 8,65,370/- പമ്പിംഗിനായി

ആവശ്യമാണെന്നും, അതിനാൽ, ഈ തുക ജില്ല ദുരന്ത നിവാരണ അതോറിറ്റിക്ക് അനുവദിച്ച് നൽകണമെന്നും കൂടാതെ വെള്ളം പമ്പ് ചെയ്ത് നീക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ നിലവിൽ ഇല്ലാത്തതിനാലും ടി പാടശേഖരങ്ങളിൽ നിന്നും ഫയർ ഫോഴ്സിന്റെ പമ്പുപയോഗിച്ച് വെള്ളം വറ്റിക്കേണ്ടി വരുമ്പോൾ ഡീസൽ ഇനത്തിലും മറ്റും ചിലവാകുന്ന ചിലവുകൾ ജില്ല ദുരന്തനിവാരണ ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്നും ആലപ്പുഴ ജില്ലാകളക്ടർ അഭ്യർത്ഥിച്ചിരുന്നു. ശക്തമായ മഴയെത്തുടർന്ന് ജില്ലയിലെ മിക്ക പാടശേഖരങ്ങളിലും വെള്ളക്കെട്ട് മൂലം ജനജീവിതം ദുസ്സഹമായ അവസ്ഥ നിലനിൽക്കുന്നതിനാൽ പമ്പിംഗ് നടത്തേണ്ട മറ്റ് പാടശേഖരങ്ങളുടെ വിവരങ്ങളും റിപ്പോർട്ട് ചെയ്യുന്നതിന് പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ജില്ലയിലെ വെള്ളപ്പൊക്ക ഭീഷണി ഒഴിവാക്കുന്നതിന് അടിയന്തിര സാഹചര്യത്തിൽ പമ്പിംഗ് നടത്തേണ്ടതായി വരുന്ന മറ്റ് പാടശേഖരങ്ങളിലെ പമ്പിംഗിനാവശ്യമായ ചെലവുകളും ദുരന്ത നിവാരണ ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകണണമെന്ന് ആലപ്പുഴ ജില്ലാ കളക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

4) കുട്ടനാട്ടിൽ നെൽകൃഷി ചെയ്തുവരുന്ന പാടശേഖരങ്ങളിലെ വെള്ളം പമ്പിംഗ് നടത്തുന്നതിനും ഡീസൽ ഇനത്തിലും മറ്റ് ചെലവുകൾക്കും ആവശ്യമായ തുക അനുവദിക്കണമെന്ന ആലപ്പുഴ ജില്ലാ കളക്ടറുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധി (SDRF) മാനദണ്ഡ പ്രകാരം തുക അനുവദിക്കാൻ കഴിയില്ല എന്നതിനാൽ സംസ്ഥാന ദുരന്ത ലഘൂകരണ നിധി (SDMF) യിൽ നിന്നും ടി തുക അനുവദിക്കാൻ കഴിയുമോ എന്ന വിഷയത്തിൽ ദുരന്തനിവാരണ കമ്മീഷണറുടെ അഭിപ്രായം ആരാഞ്ഞപ്പോൾ ഇക്കാര്യത്തിൽ സർക്കാരിന്റെ നയപരമായ (policy level) തീരുമാനം കൈക്കൊള്ളേണ്ടതാണെന്ന് കാണുന്നുവെന്നും, എന്നാൽ ഇത്തരത്തിലുള്ള പമ്പിംഗ് സബ്സിഡികളുടെ ചെലവുകൾ SDRF ൽ നിന്ന് അനുവദിക്കുന്നത് കീഴ് വഴക്കമായി മാറാനും ഭാവിയിൽ വലിയ സാമ്പത്തിക ബാധ്യതയുണ്ടാകാനും സാധ്യതയുണ്ടെന്നുമുള്ള വിവരം ദുരന്ത നിവാരണ കമ്മീഷണർ അറിയിക്കുകയുണ്ടായി.

5) ഇത് സംബന്ധിച്ച് തുടർ ഉത്തരവുകൾക്കായി ഫയൽ ബഹു.റവന്യൂ വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ ചീഫ് സെക്രട്ടറിയുടെ അഭിപ്രായത്തോടുകൂടി കൃഷി വകുപ്പ്, റവന്യു വകുപ്പ് മന്ത്രിമാരുടെ വ്യക്തമായ ശിപാർശ സഹിതം സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടു.

6) ചീഫ് സെക്രട്ടറി താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി .

***" കുട്ടനാടൻ പാടശേഖരങ്ങളിലെ വെള്ളക്കെട്ട് പ്രളയം മൂലമുണ്ടാകുന്ന ഒരു ദുരന്തമായി കണക്കാക്കാവുന്നതും, പ്രസ്തുത വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള പമ്പിങ് നടത്തുന്നതിന് ആവശ്യമായ പമ്പ് സെറ്റിന്റെ വാടക , ഇന്ധനത്തിന് ആവശ്യമായ ചെലവ് എന്നിവ SDRF ൽ നിന്ന് വഹിക്കുന്ന വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണ്. ഇതിനാവശ്യമായ ശുപാർശ ദുരന്ത നിവാരണ വകുപ്പ് തയ്യാറാക്കി സമർപ്പിക്കേണ്ടതാണ് .***

**നോട്ട് 15 ലെ ബഹു മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫയൽ ബഹു റവന്യൂ വകുപ്പ് മന്ത്രി, ബഹു കൃഷി വകുപ്പ് മന്ത്രി എന്നിവരുടെ വ്യക്തമായ** ***ശുപാർശ സഹിതം ബഹു മുഖ്യമന്ത്രിക്ക് സമർപ്പിക്കാവുന്നതാണ്."***

7) ഫയലിൽ ബഹു. റവന്യു വകുപ്പ് മന്ത്രി താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

**"ബഹു കൃഷി വകുപ്പ് മന്ത്രി കണ്ടാലും."**

(8) ബഹു.കൃഷി വകുപ്പ് മന്ത്രി താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

***" 1.കുട്ടനാടൻ പാടശേഖരങ്ങളിൽ കൃഷി ഇല്ലാത്ത സമയത്തുണ്ടാകുന്ന വെള്ളപ്പൊക്കം ഒഴിവാക്കുന്നതിന് പമ്പിംഗ് അനിവാര്യമായതിനാൽ അതിനുള്ള സാമ്പത്തിക ചിലവ് സർക്കാർ SDRF ൽ നിന്നും വഹിക്കേണ്ടതാണ്.***

**2. പാടശേഖരങ്ങളിൽ കൃഷി ഉള്ള സമയത്ത് വെള്ളപ്പൊക്കം മൂലം വിളവെടുക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ പ്രത്യേക അനുമതിയോടെ പമ്പിങ് സബ്സിഡി നിലവിൽ അനുവദിക്കുന്നുണ്ട്.**

**എന്നാൽ വെള്ളപ്പൊക്കംമൂലം കൃഷി ഉപേക്ഷിക്കുന്ന സാഹചര്യത്തിലും പമ്പിംഗ് അനിവാര്യമായതിനാൽ അതിനുള്ള സാമ്പത്തിക ചിലവും സർക്കാർ SDRF ൽ നിന്നും വഹിക്കേണ്ടതാണ്.**

**ബഹു. റവന്യൂ വകുപ്പുമന്ത്രി കണ്ടാലും. "**

9) ചീഫ് സെക്രട്ടറിയുടെ നിർദ്ദേശം അംഗീകരിക്കാവുന്നതാണെന്ന് ബഹു. റവന്യൂ വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടു.

10) ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ അഭിപ്രായം ബഹു. മുഖ്യമന്ത്രിയും അംഗീകരിച്ചിട്ടുണ്ട്.

11) മേൽ സൂചിപ്പിച്ച സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടനാടൻ പാടശേഖരങ്ങളിലെ വെള്ളക്കെട്ട് പ്രളയം മൂലമുള്ള ദുരന്തമായി കണക്കാക്കി വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള പമ്പ് സെറ്റിന്റെ വാടക, ഇന്ധനച്ചെലവ് എന്നിവ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണ്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

കുട്ടനാടൻ പാടശേഖരങ്ങളിലെ വെള്ളക്കെട്ട്, പ്രളയം മൂലമുണ്ടാകുന്ന ഒരു ദുരന്തമായി കണക്കാക്കി വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള പമ്പിങ് നടത്തുന്നതിന് ആവശ്യമായ പമ്പ് സെറ്റിന്റെ വാടക, ഇന്ധനം എന്നിവയുടെ യഥാർത്ഥ ചെലവ് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് അനുവദിച്ച നൽകുന്നതിന് ആലപ്പുഴ ജില്ലാ കളക്ടർക്ക് അനുമതി നൽകാമോ ?